**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2** **12-01-2021 - ൽ മറുപടിയ്ക്ക്**

**ദാരിദ്യനിർമ്മാർജ്ജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജെയിംസ് മാത്യൂ** | | **Shri. Pinarayi Vijayan**<br>**(മുഖ്യമന്ത്രി)** | |
| (എ) | ഐക്യരാഷ്ട്രസഭയുടെ റിപ്പോർട്ട് പ്രകാരം ദാരിദ്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട ഏതെല്ലാം മേഖലകളിലാണ് കേരളം മുന്നിലെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ഐക്യരാഷ്ട്ര സഭ പുറത്തിറക്കിയ ‘Rethinking Poverty Report on World Social Situation 2010’ എന്ന റിപ്പോർട്ടിൽ വിപുലീകരിച്ച പൊതുനയ പരിപാടിയുടെ അടിസ്ഥാനത്തിൽ ദാരിദ്ര്യത്തിന്റെ വിവിധതലങ്ങൾ പരിശോധിക്കപ്പെട്ടിട്ടുണ്ട്. സാമൂഹ്യ പരിവർത്തന നയങ്ങൾക്ക് അനുസൃതമായ മാറ്റങ്ങളിലൂടെ ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ സാമൂഹ്യ മേഖലകളിലെ സൂചകങ്ങൾ പ്രതിശീർഷ ദേശീയ ശരാശരിയേക്കാൾ മുന്നിട്ട് നിൽക്കുന്നതായി കാണാം. ഇത്തരം സാമൂഹിക പരിവർത്തനം സാധ്യമാക്കിയ ചൈന, കോസ്റ്ററിക്ക, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളോടൊപ്പം ഇന്ത്യയിലെ കേരള സംസ്ഥാനത്തെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഉയർന്ന പ്രതിശീർഷ വരുമാനം കൈവരിക്കാൻ സാധിച്ച രാജ്യങ്ങളിൽ പലതിലും ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യ ഉൾച്ചേർക്കൽ എന്നിവയിൽ പിന്നോട്ട് പോയതായി കാണാം. പ്രസ്തുത റിപ്പോർട്ടിൽ ഇന്ത്യയിലെ പ്രാദേശിക തലത്തിലുള്ള ജീവിതനിലവാരത്തിലെ വ്യത്യാസങ്ങളും പ്രതിപാദിക്കുന്നുണ്ട്. ഇന്ത്യയിലെ ദക്ഷിണ സംസ്ഥാനങ്ങളായ ആന്ധ്രാപ്രദേശ്, കർണ്ണാടകം, കേരളം, തമിഴ് നാട് എന്നിവിടങ്ങളിലെ ദരിദ്രരുടെ ശതമാനം 18%-ൽ (1993-1994ലെ കണക്ക്) നിന്നും 15% ആയി (1999-2000) കുറഞ്ഞതായി കാണാം. ഇതേ കാലയളവിൽ തന്നെ ദരിദ്രരുടെ ശതമാനം ബീഹാർ, ഒറീസ്സ, മദ്ധ്യപ്രദേശ്, ഉത്തർപ്രദേശ്, പശ്ചിമബംഗാൾ എന്നിവിടങ്ങളിൽ 57%-ൽ നിന്നും 63% ആയി ഉയർന്നിട്ടുണ്ട്. കൂടാതെ, ഐക്യരാഷ്ട്രസഭയുടെ സുസ്ഥിരവികസന ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ നീതി ആയോഗ് പുറത്തിറക്കിയ “SDG India Index” പുറത്തിറക്കിയ രണ്ട് വർഷങ്ങളിലെ റിപ്പോർട്ടുകളിലും കേരളം ഒന്നാം |

| | | | |
|---|---|---|---|
| | | | സ്ഥാനത്താണുള്ളത്. പ്രസ്തുത റിപ്പോർട്ടുകൾ പ്രകാരം സുസ്ഥിരവികസന ലക്ഷ്യങ്ങളിലെ ആദ്യ ഗോളായ 'No Poverty'-യുമായി ബന്ധപ്പെട്ട സ്ഥിതിവിവരങ്ങൾ ഇതോടൊപ്പം അനുബന്ധമായി (അനുബന്ധം - 1, 2) നൽകിയിരിക്കുന്നു. |
| (ബി) | പ്രസ്തുത നേട്ടം കൈവരിക്കുന്നതിനായി നടത്തിയ ഇടപെടലുകൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കുമോ? | (ബി) | കേരള സംസ്ഥാന രൂപീകരണത്തിനുശേഷം ഉണ്ടായ വിവിധ പുരോഗമന സർക്കാരുകൾ സാമ്പത്തിക വളർച്ചയ്ക്കുപരിയായി സാമൂഹ്യ വളർച്ചയ്ക്ക് പ്രാധാന്യം നൽകുകയുണ്ടായി. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ സംസ്ഥാനം അതിന്റെ ബജറ്റിന്റെ നല്ലൊരു ശതമാനവും ഓരോ വർഷവും ചെലവഴിക്കുന്നുണ്ട്. സംസ്ഥാനത്തെ പൊതുവിതരണ ശൃംഖലയും സാമൂഹ്യസുരക്ഷാ ക്ഷേമ പെൻഷനുകൾ തുടങ്ങിയ നിരവധി ക്ഷേമപ്രവർത്തനങ്ങളുടെ ഫലമായിട്ടാണ് കേരളം വികസിത രാജ്യങ്ങളുമായി കിടപിടിക്കത്തക്ക രീതിയിൽ സാമൂഹ്യമേഖലകളിൽ മുന്നിട്ടു നിൽക്കുന്നത്. നിലവിലുള്ള സർക്കാരിന്റെ നവകേരളം കർമ്മപദ്ധതി പോലുള്ള മുൻനിര പരിപാടികൾ കേരളത്തിന്റെ നിലവിലുള്ള സ്ഥിതി ഇനിയും മെച്ചപ്പെടുത്തുവാൻ സഹായകമാണ്. സുസ്ഥിരവികസന ലക്ഷ്യങ്ങൾ കൈവരിക്കുന്ന തുമായി ബന്ധപ്പെട്ട് താഴെപറയുന്ന ഇടപെടലുകൾ നടത്തിയിട്ടുണ്ട്. 1. സുസ്ഥിരവികസന ലക്ഷ്യങ്ങളുടെ പൊതു ലക്ഷ്യമായ 'To Leave No one behind' എന്നതിന്റെ അന്തഃസത്ത പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് ലംബവും തിരശ്ചീനവുമായ ഒരു സ്ഥാപനതല ചട്ടക്കൂട് രൂപകൽപന ചെയ്ത് നടപ്പാക്കി. 2. സർക്കാരിന്റെ നവകേരളം കർമ്മപദ്ധതി പോലുള്ള നിരവധി പരിപാടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞു.<br>ദാരിദ്ര്യനിർമ്മാർജ്ജനത്തിന് ഉതകുന്ന പദ്ധതികൾ ബന്ധപ്പെട്ട വകുപ്പുകൾ ശുഷ്കാന്തിയോടെ നടപ്പിലാക്കാൻ ശ്രമിച്ചു. പദ്ധതി പ്രവർത്തനങ്ങളുടെ ഫലപ്രദമായ നിരീക്ഷണവും ഏകോപനവും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടക്കുന്ന പദ്ധതി ചെലവ് അവലോകന യോഗത്തിലും ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാരുടെയും വകുപ്പ് സെക്രട്ടറിമാരുടെയും അവലോകന യോഗങ്ങളിലും സമയാസമയങ്ങളിൽ വിലയിരുത്തി ആവശ്യമായ ഇടപെടലുകളും നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. 3. ബന്ധപ്പെട്ട stake holdersനെ ഉൾപ്പെടുത്തി ചർച്ചാ യോഗങ്ങളും ശിൽപശാലകളും നടത്തി സൂചകങ്ങൾക്കാവശ്യമായ സ്ഥിതിവിവരകണക്കുകളുടെ ലഭ്യതയും കണക്കുകൾ ലഭ്യമല്ലാത്തവയ്ക്ക് ആയത് ലഭ്യമാക്കുവാൻ ആവശ്യമായ നടപടികളെ സംബന്ധിച്ചും ചർച്ച |

| | | | |
|---|---|---|---|
| | | | ചെയ്ത് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. 4. ലക്ഷ്യങ്ങളും ഉപലക്ഷ്യങ്ങളും കൈവരിക്കുന്നതിനാവശ്യമായ സൂചകങ്ങളുടെ സ്ഥിതിവിവരകണക്കുകൾ പരമാവധി ലഭ്യമാക്കി നീതി ആയോഗിനെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം – 1**

# SDG INDIA INDEX 2018 (VER 1.0)

| ക്രമ നം. | സൂചകം | കേരളത്തിന്റെ സ്ഥിതി (റഫറൻസ് കാലയളവ്) | ഇന്ത്യയുടെ സ്ഥിതി | ലക്ഷ്യം | Remarks |
|---|---|---|---|---|---|
| 1 | Percentage of population living below national poverty line | 7.05 (2011-2012) | 21.92 | 10.95 | കേരളം ദേശീയതലത്തിൽ നിശ്ചയിക്കപ്പെട്ട ലക്ഷ്യം കൈവരിച്ച് കഴിഞ്ഞു. |
| 2 | Percentage of households with any usual member covered by any health scheme or health insurance | 47.7 (2015-16) | 28.7 | 100 | കേരളത്തിന്റെ സ്ഥിതി ദേശീയ ശരാശരി യേക്കാൾ മികച്ചതാണ് |
| 3 | Persons provided employment as a percentage of persons who demanded employment under Mahatma Gandhi National Rural Employment Guarantee Act (MGNREGA | 87.98 (2017-18) | 84.75 | 100 | കേരളത്തിന്റെ സ്ഥിതി ദേശീയ ശരാശരി യേക്കാൾ മികച്ചതാണ് |
| 4 | Number of homeless households per 10,000 households | 3.4 (2011-12) | 10.39 | 0 | കേരളത്തിന്റെ സ്ഥിതി ദേശീയ ശരാശരി യേക്കാൾ മികച്ചതാണ് |

**അനുബന്ധം – 2**

# SDG INDIA INDEX 2019 (VER 1.0)

| ക്രമ നം. | സൂചകം | കേരളത്തിന്റെ സ്ഥിതി (റഫറൻസ് കാലയളവ്) | ഇന്ത്യയുടെ സ്ഥിതി | ലക്ഷ്യം | Remarks |
|---|---|---|---|---|---|
| 1 | Percentage of population living below national poverty line | 7.05 (2011) | 21.92 | 10.95 | കേരളം ദേശീയതലത്തിൽ നിശ്ചയിക്കപ്പെട്ട ലക്ഷ്യം കൈവരിച്ചു കഴിഞ്ഞു. |
| 2 | Percentage of households with any usual member covered by any health scheme or health insurance | 47.70 (2015-16) | 28.70 | 100 | കേരളത്തിന്റെ സ്ഥിതി ദേശീയ ശരാശരിയേക്കാൾ മികച്ചതാണ് |
| 3 | Persons provided employment as a percentage of persons who demanded employment under Mahatma Gandhi National Rural Employment Guarantee Act (MGNREGA | 89.33 (2018-19) | 85.26 | 100 | കേരളത്തിന്റെ സ്ഥിതി ദേശീയ ശരാശരിയേക്കാൾ മികച്ചതാണ് |
| 4 | Percentage of households living in katcha houses (rural+urban) | 0.30 (2017-18) | 4.20 | 0 | കേരളത്തിന്റെ സ്ഥിതി ദേശീയ ശരാശരിയേക്കാൾ മികച്ചതാണ് |